**Desabhiamani**
**28 July 2018**
**Idukki ; 1992 Cheruthoni Dam**

# ആർച്ച് പോലെ കുതിച്ചുചാടി വെള്ളം; ഓർമകളും

സ്വന്തം ലേഖകൻ

**ഇടുക്കി**

'ആശങ്കയും അമ്പരപ്പും ഉണ്ടായിരുന്നു, എന്നാൽ ഏൽപ്പിച്ച ഭാരിച്ച ഉത്തരവാദിത്തം നിറവേറ്റാൻ 20 ദിവസം രാപ്പകൽ ഇടുക്കി ഡാം മേഖലയിൽ തന്നെ താമസിക്കേണ്ടി വന്നു. ഓരോ ചലനവും സൂക്ഷ്മമായി വിലയിരുത്തി'. 1992ൽ ചെറുതോണി ഷട്ടർ തുറക്കാൻ നേതൃത്വപരവുമായ പങ്ക് വഹിക്കേണ്ടിവന്നത് ജീവിതത്തിലെ ഏറ്റവും വലിയ അനുഭവമാണെന്ന് ഡാം സുരക്ഷ ഡെപ്യൂട്ടി ഡയറക്ടറായി വിരമിച്ച കെ ആർ ഗോപാലകൃഷ്ണൻ 'ദേശാഭിമാനി'യോട് പറഞ്ഞു. സ്ഥിതിഗതികൾ യഥാസമയം അറിയിക്കാൻ ഇന്നത്തെ പോലെ മൊബൈൽഫോണോ ആശയവിനിമയ ഉപാധികളോ ഇല്ലായിരുന്നു. ചെറുതോണി സംഭരണിയുടെ മധ്യത്തിലെ ഷട്ടർ ആദ്യം ഒരടി ഉയർത്തി നോക്കി. കുതിച്ച് പായുന്ന വെള്ളം ചെറുതോണി പാലത്തിന് മേലെ പോകുമോയെന്ന ആശങ്ക ഉണ്ടായിരുന്നു. ഉയർത്തിയ ഉടനെ വെള്ളം ഒഴുക്കിന്റെ നില അറിയാൻ അവിടെ ചെന്ന് നോക്കേണ്ടതായി വന്നു. പിന്നീട് ക്രമേണ രണ്ടടിക്കടുത്തുവരെ ഉയർത്തി. രണ്ടടിയിൽ കൂടുതൽ ഷട്ടർ ഉയർത്തിയാൽ പാലം മുങ്ങുമെന്ന് ഗോപാലകൃഷ്ണൻ പറയുന്നു.



1992ൽ ചെറുതോണി ഷട്ടർ തുറന്നതിന്റെ ഓർമകളിൽ കെ ആർ ഗോപാലകൃഷ്ണൻ

1992 ഒക്ടോബർ 12 മുതൽ 16 വരെയും നവംബർ 16 മുതൽ 23 വരെയും 13 ദിവസമാണ് ഷട്ടർ ഉയർത്തി വെള്ളം തുറന്നുവിട്ടത്. അസി. എക്സിക്യൂട്ടീവ് എൻജിനിയറായ തനിക്കായിരുന്നു തുറക്കേണ്ട ഗെയ്റ്റ് നിയന്ത്രണ ചുമതല. 2400.7 അടിയിലെത്തിയപ്പോൾ തുറക്കാൻ നിർദേശം ഉണ്ടായി. അതിന് ദിവസങ്ങൾക്കു മുമ്പേ ഷട്ടർ ഉയർത്താനുള്ള പരിശോധന നടത്തി. എട്ട് എൻജിനിയർമാർ ഉൾപ്പെടെ 35 ഓളം ഉദ്യോഗസ്ഥർ ഡാം സൈറ്റിൽ തന്നെ കഴിയേണ്ടി വന്നു. ഒക്ടോബർ 12 ന് രാവിലെ 9.15 ഓടെ മധ്യത്തിലുള്ള ഷട്ടർ മെല്ലെ ഉയർത്തി. ആദ്യം ചെറിയ ഒഴുക്ക്, നിമിഷങ്ങൾക്കകം ക്രമാനുഗതമായി ശക്തി പ്രാപിച്ചു. അത്യാപൂർവ സംഭവം കാണാൻ ധാരാളം പേർ എത്തിയിരുന്നു. ചെറുതോണി ഡാമിന്റെ ഇടതുവശത്തുള്ള വിദ്യാധിരാജ സ്കൂളിന് സമീപം വൻ ജനാവലി ഒത്തുകൂടിയിരുന്നു. മുകളിൽ നിന്നും ഒലിച്ച് വരുന്ന വെള്ളം ആർച്ച് പോലെ കുതിച്ചുചാടി. തുറക്കുന്നതിന് മുമ്പേ മൈക്കിലൂടെ നേര്യമംഗലം വരെ അനൗൺസ് ചെയ്തു. രാത്രിയിൽ കൂടുതൽ സമയം തുറന്ന് വിട്ടു. രണ്ടടിയിൽ കൂടിയാൽ ചെറുതോണി പാലം മുങ്ങുമെന്ന് കണ്ടെത്തിയത് അങ്ങനെയാണ്. അരമണിക്കൂർ തോറും ജലനിരപ്പ് നോക്കിയിരുന്നു. ചെറുതോണി ഡാം ഗ്യാലറിയിൽ പോകുന്ന ഭാഗത്താണ് താനടക്കമുള്ള ഉദ്യോഗസ്ഥർ താമസിച്ചിരുന്നത്. റിസർവയറിൽ ബോട്ടും ഇട്ടിരുന്നു. അതിലും കുറേ ഉദ്യോഗസ്ഥർ ഉണ്ടാകും. സ്ഥിതിഗതികൾ തിരുവനന്തപുരത്ത് ചീഫ് എൻജിനിയറെ വിളിച്ചറിയിച്ചുകൊണ്ടിരുന്നു. ഐബിയിൽ ആകെയുള്ള ഒരു ലാൻഡ് ഫോണിലൂടെയാണ് വിവരം കൈമാറുന്നത്. കൂടാതെ ഒരു സബ് സ്റ്റേഷനിൽ നിന്ന് മറ്റ് സ്റ്റേഷനുകളിലേക്കും ആശയവിനിമയം നടത്തി. പ്രശ്നങ്ങളൊന്നുമില്ലാതെ ഷട്ടർ ഉയർത്തി വെള്ളം തുറന്ന് വിട്ടത് ഉൾപ്പെടെയുള്ള കൃത്യനിർവഹണത്തിന് ഗുഡ് സർവീസ് അവാർഡും ബോർഡിൽനിന്നും ലഭിച്ചു. സാധാരണ തുലാവർഷത്തിലാണ് സംഭരണി നിറയുന്നത്. ഇത്തവണ മൺസൂൺ ആരംഭത്തിലെ നിറയുന്നത് അസാധാരണമാണ്. രണ്ടര പതിറ്റാണ്ടിനുശേഷം ഒട്ടേറെ മാറ്റം ഉണ്ടായിട്ടുള്ളതിനാൽ അന്നത്തേക്കാൾ ജാഗ്രത വേണമെന്നും 2006 ൽ വിരമിച്ച് ഇപ്പോൾ തിരുവനന്തപുരത്ത് വിശ്രമജീവിതം നയിക്കുന്ന ഗോപാലകൃഷ്ണൻ പറഞ്ഞു.